**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155 — 07.03.2017 ൽ മറുപടിക്ക്

## കരുനാഗപ്പള്ളി ആശുപത്രിയിൽ ഡയാലിസിസ് സെൻറർ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് സെൻറർ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസ്സിസ് സെന്റർ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 44 ആശുപത്രികളിൽ മാന്ദ്യവിരുദ്ധ പദ്ധതിപ്രകാരം ആരംഭിക്കുന്ന ഡയാലിസ്സിസ് യൂണിറ്റുകളിൽ കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.<br>കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ KIIFB യിൽ ഉൾപ്പെടുത്തി ഡയാലിസ്സിസ് യൂണിറ്റ് തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസി വഴിയാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; തുടക്കത്തിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | KIIFB വഴി ഡയാലിസ്സിസ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ KMSCL നെ സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിൾ ആയി സർക്കാർ നിയോഗിച്ചിട്ടുണ്ട്. KHRWS വഴി അടിസ്ഥാന സൗകര്യങ്ങളും KMSCL വഴി ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. |
| (സി) | ഡയാലിസിസ് യൂണിറ്റ് പൂർണ്ണമായും സൗജന്യമായി രോഗികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് കഴിയുമോ; വിശദീകരിക്കുമോ? | (സി) | ഡയാലിസ്സിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനുള്ള ചെലവുകൾ സർക്കാർ പ്ലാൻ ഫണ്ട് മുഖേനയോ LSGD പ്രോജക്ടുകൾ മുഖേനയോ ലഭ്യമാക്കുകയാണെങ്കിൽ സൗജന്യ ഡയാലിസ്സിസ് രോഗികൾക്ക് നൽകാൻ കഴിയും. വാട്ടർ, ഇലക്ട്രിസിറ്റിചാർജ്, Consumable-dialysis, dialysate, erythropoietin, blood transfusion charges എന്നീ തുടർ ചെലവുകൾ ഡയാലിസ്സിസ് യൂണിറ്റിന്റെ നടത്തിപ്പിന് ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ